8058
14/2114

കേരള സർക്കാർ

(സംഗ്രഹം)

കേരള സംസ്ഥാന പൊതുമരാമത്ത് നയം 2018 – "പുതിയ കാലം - പുതിയ നിർമ്മാണം" അംഗീകരിച്ച് - ഉത്തരവാകുന്നു.

================================================================================

പൊതുമരാമത്ത് (എച്ച്) വകുപ്പ്

സ.ഉ.(കൈ) നം. 41 /2018/പൊ.മ.വ തീയതി, തിരുവനന്തപുരം,16/11/2018

================================================================================

പരാമർശം: 1) പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ (ആർ & ബി) യുടെ 16/04/2018 ലെ CE/R&B/GL/3994/2018 നമ്പർ കത്ത്.

2) പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ (എൻ.എച്ച്) യുടെ 04/01/2018 ലെ CE/NH6/D10 – 10556/2017 നമ്പർ കത്ത്.

3) പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ (കെട്ടിടം) യുടെ 03/04/2018 ലെ CE/BL/GL/A1/11742/2017 നമ്പർ കത്ത്.

## ഉത്തരവ്

"പുതിയ കാലം പുതിയ നിർമ്മാണം" എന്ന ആപ്തവാക്യത്തിലൂന്നി കാലത്തിനനുസരിച്ചുള്ള സാങ്കേതിക വിദ്യകളും, നിർമ്മിതികളും, പരിസ്ഥിതി സൗഹൃദ, അപകടരഹിത, സുരക്ഷിത നിർമ്മാണ രീതി ഉൾകൊള്ളുന്നതും വകുപ്പിന്റെ കാര്യക്ഷമത, ഗുണമേന്മ, സുതാര്യത, അഴിമതി ഇല്ലായ്മ, ആധുനികത എന്നിവ ഉറപ്പാക്കുന്നതിന് വകുപ്പിനെ ശക്തിപ്പെടുത്തുകയും പുന:സംഘടിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ അനുബന്ധമായി ചേർത്തിട്ടുള്ള കേരള സംസ്ഥാന പൊതുമരാമത്ത് നയം 2018 "പുതിയ കാലം - പുതിയ നിർമ്മാണം" അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജി.കമലാ വർദ്ധന റാവു**

**പ്രിൻസിപ്പൽ സെക്രട്ടറി**

ചീഫ് എഞ്ചീനിയർ(നിരത്തുകൾ/പാലങ്ങൾ/നാഷണൽ ഹൈവേ/ കെട്ടിടം/ഭരണം/ഡിസൈൻ/ആർക്കിടെക്ചർ)-പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും,

എല്ലാ പൊതുമരാമത്ത് വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും -

(ചീഫ് എഞ്ചിനീയർ മുഖേന),

എല്ലാ പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും -

(ചീഫ് എഞ്ചിനീയർ മുഖേന),

ധനകാര്യ വകുപ്പ്/ നിയമ വകുപ്പ്,

പൊതുഭരണ (എസ്.സി) വകുപ്പ്.

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി.എസിന്

പൊതുമരാമത്ത് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ

പൊതുമരാമത്ത് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ

ഐ.& പി.ആർ(വെബ് &ന്യൂ മീഡിയ) വകുപ്പ്,

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി/

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

2973559/2018/OS-PWD

അനുബന്ധം

# കേരള സംസ്ഥാന പൊതുമരാമത്ത് നയം 2018

## "പുതിയ കാലം - പുതിയ നിർമ്മാണം"

**ആമുഖം**

കേരളത്തിന്റെ വികസനത്തിനും നാം നേടിയ വളർച്ച സ്ഥായിയായി നിലനിർത്തുന്നതിനും പശ്ചാത്തല സൗകര്യത്തെ വികസിപ്പിക്കുക എന്നത് ഏറെ പ്രധാനമാണ്.

അതിൽ പ്രധാനപ്പെട്ടതാണ് റോഡുകളുടെയും പാലങ്ങളുടെയും വികാസം. നാടിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് സാങ്കേതികവിദ്യ പ്രയോഗിക്കുന്നതിനും നമ്മുടെ സംസ്കാരത്തെയും ജീവിതത്തെയും പ്രതിഫലിപ്പിക്കുകയും മുന്നോട്ടു പോകുകയും ചെയ്യുന്ന കെട്ടിട നിർമ്മാണ സങ്കേതങ്ങൾ രൂപപ്പെടുത്തുക എന്നതും പ്രധാനമാണ്.

ഈ ലക്ഷ്യം വച്ചുകൊണ്ട് കേരളത്തിന്റെ പൊതുമരാമത്ത് രംഗത്ത് എങ്ങനെ പ്രവർത്തിക്കണമെന്നത് സംബന്ധിച്ച കാഴ്ചപ്പാട് അവതരിപ്പിക്കാനാണ് സംസ്ഥാന സർക്കാർ പരിശ്രമിക്കുന്നത്.

യാത്രക്കാർ സഞ്ചാരത്തിനായി ഏറ്റവും കൂടുതൽ ഇന്ന് ഉപയോഗിക്കുന്നത് റോഡിനെയാണ്. ചരക്ക് ഗതാഗതത്തിനും റോഡ് മാർഗമാണ് നാം അവലംബിക്കുന്നത്. സംസ്ഥാനത്ത് വലിയ തോതിലുള്ള തുറമുഖ വികസനം പൂർത്തീകരിക്കപ്പെടുമ്പോൾ തുറമുഖങ്ങളിൽ എത്തിപ്പെടുന്ന ചരക്കുകൾ ഉൾപ്രദേശങ്ങളിലെത്തിക്കുന്നതിന് റോഡുകളുടെ വികസനം പ്രധാനമാണ്. വിനോദ സഞ്ചാരമേഖലയുടെ വികസനത്തിനും ഈ രംഗത്തെ പുരോഗതി അനിവാര്യമാണ്.

നിലവിലുള്ള റോഡ് ഗതാഗത സംവിധാനം നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. റോഡുകളുടെ സാങ്കേതിക മികവിന്റെ അപര്യാപ്തതകൾ, ഊർജ്ജ ക്ഷമത ഇല്ലായ്മ, യാത്രയ്ക്ക് എടുക്കുന്ന സമയക്കൂടുതൽ എന്നിവ പ്രധാന പ്രശ്നമാണ്. അതോടൊപ്പം തന്നെ വാഹന അപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിന് പര്യാപ്തമാം വിധം റോഡ് സുരക്ഷയുടെ പ്രശ്നവും കടന്നുവരുന്നുണ്ട്. അതൊടൊപ്പം തന്നെ പാരിസ്ഥിതികാഘാതം പരമാവധി കുറച്ച് കൊണ്ടുവരുന്ന തരത്തിലുള്ള റോഡ് നയം രൂപീകരിക്കേണ്ടതും അനിവാര്യമാണ്.

സംസ്ഥാനത്ത് ആദ്യമായി സർക്കാർ ഉത്തരവ് പ്രകാരം ഒരു റോഡ് പോളിസി 2005 ൽ നിലവിൽ വന്നു. ചരക്കു നീക്കവും ജനങ്ങളുടെ സഞ്ചാരവും സുഗമമാക്കി സംസ്ഥാനത്തിന്റെ പുരോഗതിക്കുതകുന്ന വിധത്തിൽ റോഡുകളുടെ നിലവാരമുയർത്തുക എന്നുള്ളതായിരുന്നു ഇതിൽ വിഭാവനം ചെയ്തിരുന്നത്. റോഡ് പോളിസിയ്ക്കപ്പുറം മരാമത്ത് നിർമ്മിതികളുടെ എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന ആദ്യത്തെ സമഗ്ര നയമാണ് ഇപ്പോൾ തയ്യാറാക്കിയിട്ടുള്ളത്.

2

നിലവിലുള്ള സ്ഥിതി

ദേശീയപാത, നിരത്തുകളും പാലങ്ങളും, കെട്ടിടം എന്നി 3 പ്രധാനപ്പെട്ട വിഭാഗങ്ങളാണ് മരാമത്ത് വകുപ്പിന് കീഴിൽ നിലവിലുള്ളത്. ഇതിന് പുറമെ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്, ഭരണ വിഭാഗം, രൂപകല്പന, ആർക്കിടെക്ച്ചറൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് തുടങ്ങിയ വിഭാഗങ്ങളും മരാമത്ത് വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, കേരള റോഡ് ഫണ്ട് ബോർഡ്, കേരള റോഡ്സ് & ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ, റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡ്, ആശ്വാസ് പബ്ലിക് അമനറ്റീസ് കേരള ലിമിറ്റഡ്, പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് തുടങ്ങിയ പൊതുമേഖല സ്ഥാപനങ്ങളും ഇതിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

പൊതുമരാമത്ത് വകുപ്പ് റോഡുകളും പാലങ്ങളും വിഭാഗം സംസ്ഥാന റോഡുകളുടേയും (എസ്.എച്ച്), പ്രധാന ജില്ലാ റോഡുകളുടേയും (എം.ഡി.ആർ) സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പുതിയ റോഡ് നിർമ്മാണം, നിലവിലുള്ള റോഡുകളുടെ പരിപാലനം, ആവശ്യമായ പാലങ്ങളുടെ നിർമ്മാണം, പരിപാലനം എന്നിവ ഏറ്റെടുത്തു നടത്തുന്നു. കുടാതെ ദേശീയപാതകളുടെ നിർമ്മാണവും, പരിപാലനവും പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ദേശീയപാത വിഭാഗം ഏറ്റെടുത്തു വരുന്നു.

റോഡ് ശൃംഖല

സംസ്ഥാനത്തെ ദേശീയപാത 1781 കിലോമീറ്റർ നീളവും, സംസ്ഥാന പാത 4342 കിലോമീറ്റർ നീളവും, പ്രധാന ജില്ലാ പാതകൾ 27470 കിലോമീറ്ററും ആണ്. ഈ മുന്നു വിഭാഗങ്ങളിലും കുടി പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ആകെ 33593 കിലോമീറ്റർ റോഡാണ് പരിപാലിച്ചു വരുന്നത്. സംസ്ഥാനത്തെ ആകെയുള്ള റോഡ് ശൃംഖല താഴെ പ്രതിപാദിക്കുന്നു.

| ക്രമ നം. | റോഡ് വിഭാഗം | നീളം. കി.മീ |
|---|---|---|
| 1 | സ്റ്റേറ്റ് ഹൈവേ (എസ്.എച്ച്) | 4342 |
| 2 | പ്രധാന ജില്ലാ റോഡുകൾ (എം.ഡി.ആർ) | 27470 |
| 3 | ദേശീയപാത (എൻ.എച്ച്) | 1781 |
| 4 | പഞ്ചായത്ത് റോഡുകൾ (ഒ.ഡി.ആർ) | 95687 |
| 5 | മുൻസിപ്പാലിറ്റി & കോർപ്പറേഷൻ | 15561 |
| 6 | ഫോറസ്റ്റ് | 4075 |
| 7 | ജലസേചന വകുപ്പ് | 2664 |
| 8 | റെയിൽവെ, കെ.എസ്.ഇ.ബി, മറ്റുള്ളവ | 328 |
| | ആകെ | 151908 |

3

## കേരളത്തിലെ സാഹചര്യം

കേരളത്തിലെ പൊതുമരാമത്ത് നയം രൂപപ്പെടുത്തുമ്പോൾ കേരളത്തിന്റെ കാലാവസ്ഥയും പരിസ്ഥിതിയെയും കണക്കിലെടുക്കേണ്ടതുണ്ട്. കേരളത്തിന്റെ പ്രധാന സവിശേഷത, കനത്ത മഴ രണ്ട് ഘട്ടങ്ങളിലായി വരുന്നുണ്ട് എന്നതാണ്. മൺസൂൺ കാലത്തും തുലാവർഷവും സജീവമായിത്തന്നെ കേരളത്തിലുണ്ട്. ഈ മഴയെ റോഡുകൾ അതിജീവിക്കുന്നില്ല എന്ന പ്രശ്നം ഗൗരവകരമായിത്തന്നെ . ഉയർന്നുവരുന്നുണ്ട്. ഇതിനെ മറികടക്കുന്നവിധം റോഡ് സംവിധാനങ്ങൾ എങ്ങനെ രൂപപ്പെടുത്താം എന്നതാണ് പ്രധാന പ്രശ്നമായി നിൽക്കുന്നത്.

മഴക്കാലത്ത് റോഡ് തകരുന്നതിന് പ്രധാനപ്പെട്ട കാരണമായിട്ടുള്ളത് ഡ്രൈനേജുകളുടെ അഭാവമാണ്. മഴ പെയ്ത് കഴിഞ്ഞാൽ ഡ്രൈനേജുകളിലൂടെ വെള്ളം ഒഴുകിപ്പോകുന്നതിന് പകരം അവ റോഡിലേക്ക് കുത്തിയൊലിച്ച് റോഡിനെ ഇളക്കിക്കൊണ്ട് പോകുന്ന സ്ഥിതിവിശേഷവും നിലനിൽക്കുന്നുണ്ട്. ഇതിനെയും പ്രധാനമായിക്കാണാൻ നമുക്ക് കഴിയണം.

കേരളത്തിലെ കുടിവെള്ള പൈപ്പുകൾ, ഡ്രൈനേജ് പൈപ്പുകൾ, വൈദ്യുതി കേബിളുകൾ, ടെലികോം കേബിളുകൾ എന്നിവ റോഡിലൂടെയാണ് വിന്യസിക്കപ്പെട്ടിട്ടുള്ളത്. കുടിവെള്ള പൈപ്പുകളും ഡ്രൈനേജ് പൈപ്പുകളും പൊട്ടിത്തകർന്ന് റോഡിനെത്തന്നെ ഇല്ലാതാക്കുന്ന പ്രവണതയും നിലനിൽക്കുന്നുണ്ട്. വൈദ്യുതി കേബിളുകൾക്കും ടെലികോം കേബിളുകൾക്കും കുഴി എടുക്കുമ്പോൾ റോഡുകൾ ദുർബലമാകുന്ന പ്രശ്നവും ഉയർന്നു വരുന്നുണ്ട്.

വാഹനപ്പെരുപ്പവും റോഡുകളുടെ ആയുസ്സ് കുറയ്ക്കുന്നതിന് ഒരു ഘടകമായി മാറിയിട്ടുണ്ട്. വൻതോതിൽ ചരക്കുകൾ കയറ്റിയുള്ള വാഹനങ്ങളുടെ വർദ്ധിച്ച ഉപയോഗവും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ധാരാളം ഇടറോഡുകളും ചെറു പട്ടണങ്ങളും പ്രധാന പാതകളിൽ തന്നെ സ്ഥിതി ചെയ്യുന്ന അവസ്ഥയുണ്ട്. ഇത് വാഹനക്കുരുക്കുകൾക്കും ഗതാഗതവുമായി ബന്ധപ്പെട്ട മറ്റു പ്രശ്നങ്ങൾക്കും ഇടവരുത്തുന്നുണ്ട്.

കാൽനടക്കാർ, സൈക്കിൾ യാത്രക്കാർ എന്നിവരുടെ ആവശ്യങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് റോഡ്-ഗതാഗത സംവിധാനത്തെ രൂപപ്പെടുത്തേണ്ടതുണ്ട്. റോഡ് പുറംമ്പോക്കുകളാവട്ടെ പലരും കൈയ്യേറിയിരിക്കുന്നത് ഗതാഗതത്തിനും കാൽനടയാത്രക്കാർക്കും റോഡ് വികസനത്തിനും പലപ്പോഴും പ്രതിസന്ധി സൃഷ്ടിക്കുന്നുമുണ്ട്.

നമ്മുടെ നാട്ടിൽ പാരിസ്ഥിതിക അവബോധം വൻതോതിൽ ഉയർന്നിട്ടുണ്ട്. റോഡിന്റെ നിർമ്മാണത്തിന് അത്യന്താപേക്ഷിതമായ ചല്ലിയും മണലും മണ്ണുമൊന്നും യഥേഷ്ടം ലഭിക്കുന്നില്ല എന്ന പ്രശ്നവും റോഡുകളുടെ നിർമ്മാണത്തിന് പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. ഈ രംഗത്ത് വന്നിട്ടുള്ള ഈ പ്രശ്നങ്ങളെ മറികടക്കുക എന്നതു

4

പ്രധാനപ്പെട്ട കാര്യം തന്നെയാണ്.

വാഹനങ്ങളുടെ വമ്പിച്ച ബാഹുല്യം, പാർക്കിംഗ് കാര്യത്തിൽ ഗൗരവകരമായ പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നുണ്ട്. നിയതമായ പാർക്കിംഗ് സൗകര്യമില്ലാത്തത് കൊണ്ട് തന്നെ റോഡരികിൽ തന്നെ ഇവ പാർക്ക് ചെയ്യുന്ന സ്ഥിതിയാണുള്ളത്. ഇത് റോഡരികിൽ വൻതോതിൽ വാഹനങ്ങൾ പാർക്കു ചെയ്യുന്നതിന് ഇടയാക്കുന്നുണ്ട്. ബസ് ഷെൽട്ടറുകളാവട്ടെ റോഡുകളുടെ പുറംപോക്കിലാണ് എന്നതും ഗതാഗത പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

ലക്ഷ്യങ്ങൾ

കേരളം നേരിടുന്ന ഇത്തരം പ്രശ്നങ്ങളെ ഉൾക്കൊണ്ടുകൊണ്ട് അവ പരിഹരിക്കുന്ന വിധം ഒരു നയം മുന്നോട്ടുവയ്ക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അതിനായി 'പുതിയ കാലം - പുതിയ നിർമ്മാണം' എന്ന കാഴ്ചപ്പാട് മുന്നോട്ടുവച്ചുകൊണ്ടുള്ള പരിപാടിയാണ് ഉദ്ദേശിക്കുന്നത്. കാലത്തിനനുസരിച്ചുള്ള സാങ്കേതിക വിദ്യകളും, നിർമ്മിതികളും, പരിസ്ഥിതി സൗഹൃദ, അപകട രഹിത, സുരക്ഷിത റോഡ് നിർമ്മാണമാണ് അത് കൊണ്ട് തന്നെ സർക്കാർ ലക്ഷ്യമിടുന്നത്. അതിനായി താഴെ പറയുന്ന ലക്ഷ്യങ്ങൾ ഈ നയം മുന്നോട്ടുവയ്ക്കുന്നു.

1. രാജ്യപുരോഗതിക്കുതകും വിധം ജനയാത്രാ സൗഹൃദ - ചരക്കുനീക്ക സൗഹൃദ റോഡ് നെറ്റ് വർക്ക് ഏർപ്പെടുത്തൽ.
2. പൊതുഗതാഗത മേഖല ശക്തിപ്പെടുത്താനുതകുന്ന റോഡുകൾ.
3. നിലവിലുള്ള റോഡ് ശൃംഖലകൾ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തലും, പുതിയവ നിർമ്മിക്കലും.
4. ഗുണമേന്മയുള്ള റോഡുകൾ.
5. സുരക്ഷിത - അപകട രഹിത റോഡുകളുടെ നിർമ്മാണം.
6. ആധുനിക സാങ്കേതിക വിദ്യകളും, യന്ത്രങ്ങളും റോഡ് നിർമ്മാണ സാമഗ്രികളും ഉപയോഗിച്ച് ഈടുറ്റ നിർമ്മാണം.
7. റോഡുകളുടേയും, പാലങ്ങളുടേയും ഡാറ്റ തയ്യാറാക്കൽ
8. അഴിമതി രഹിതമായ നിർമ്മിതികൾ.

5

# അധ്യായം II

## പൊതുമരാമത്ത് വകുപ്പിന്റെ പുതിയ നയം

### പൊതുനയം

- കാര്യക്ഷമത, ഗുണമേന്മ, സുതാര്യത, അഴിമതി ഇല്ലായ്മ, ആധുനികത എന്നിവ ഉറപ്പാക്കുന്നതിനാവശ്യമായ വിധത്തിൽ വകുപ്പിനെ ശക്തിപ്പെടുത്തുകയും പുനഃസംഘടിപ്പിക്കുകയും ചെയ്യുകയെന്നതാണ് അടിസ്ഥാന നയം.
- ഈ ലക്ഷ്യത്തിലേക്കെത്തുന്നതിനായുള്ള പ്രായോഗിക പ്രവർത്തനങ്ങളാണ് വകുപ്പിൽ നടപ്പിലാക്കുന്നത്.
- പൊതുമരാമത്ത് വകുപ്പിന്റെ ഓരോ വിഭാഗങ്ങളിലും വിവിധ തലങ്ങളിൽ ഇതു പ്രാവർത്തികമാക്കാനുള്ള നടപടികൾ ഈ സർക്കാർ അധികാരമേറ്റതു മുതൽ സ്വീകരിച്ചു വരികയാണ്.

### കാര്യക്ഷമത വികസനം പരിശീലന പരിപാടി

- വകുപ്പിലെ എഞ്ചിനീയർമാർക്ക് ആവശ്യമായ ആധുനിക പരിശീലനങ്ങൾ നൽകി,

  പുതിയ കാലത്തിനും പുതിയ നിർമ്മാണത്തിനും ഉതകുന്ന രീതിയിൽ പ്രാപ്തരാക്കാൻ നടപടികളെടുക്കും. സർക്കാർ അധികാരത്തിൽ വന്ന ഉടനെ

  വകുപ്പിലെ മുഴുവൻ എഞ്ചിനീയർമാരേയും ഉൾപ്പെടുത്തി ഒന്നാം എഞ്ചിനീയേഴ്സ് കോൺഗ്രസ് 2016 ജുലൈ മാസം 9 നും രണ്ടാം എഞ്ചിനീയേഴ്സ് കോൺഗ്രസ് 2017 സെപ്തംബർ 30 നും നടത്തുകയുണ്ടായി 3-ാം എഞ്ചിനീയേഴ്സ് കോൺഗ്രസ് 28.7.2018 ന്ം നടത്തുകയുണ്ടായി. സാങ്കേതികരംഗത്തെ മാറ്റങ്ങളും മാനേജ്മെന്റ് സംവിധാനങ്ങളും ഇവിടെ ചർച്ച ചെയ്തു. ഇത് ഒരു ശ്രദ്ധേയമായ വാർഷിക ദേശീയ സാങ്കേതിക കൂട്ടായ്മയായി വളർത്തിയെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

- നിർമ്മാണ രംഗത്തു ലോകത്തിൽ നടക്കുന്ന പുതിയ സാങ്കേതിക വിദ്യകൾ

  പ്രയോഗ തലത്തിൽ കൊണ്ടുവരാനുതകുന്ന ഉദ്യോഗസ്ഥർക്കു ഇന്ത്യയിലെ തെരഞ്ഞെടുത്ത പ്രമുഖ സ്ഥാപനങ്ങൾക്കു പുറമെ വിദേശ സ്ഥാപനങ്ങളിലും പരിശീലനം നൽകുന്നതാണ്. ഒരോ വർഷവും 10 ശതമാനം ജീവനക്കാരെയെങ്കിലും

6

ഈ രീതിയിൽ പരിശീലിപ്പിക്കുന്നതാണ്.

- ഓരോ വിഭാഗം എഞ്ചിനീയർമാർക്കും ആവശ്യമായതും ഉപകാരപ്പെടുന്നതുമായ പരിശീലനം, ശില്പശാല എന്നിവ ആവശ്യമായ ഇടവേളകളിൽ കേരളത്തിനുള്ളിൽ തന്നെ നടത്തി വരുന്നു. മറ്റൊരു 15 ശതമാനം ജീവനക്കാരെയെങ്കിലും ഇതിന്റെ ഗുണഭോക്താക്കളാക്കും എന്നുറപ്പുവരുത്തും.

- വകുപ്പിലെ നിലവിലുള്ള വിഭാഗങ്ങളുടെ പുനഃസംഘടനയിലൂടെ വകുപ്പിനെ പരിഷ്കരിക്കുന്നതാണ്.

## ആധുനിക സാങ്കേതിക രീതികൾ

- ഗുണമേന്മ ഉറപ്പാക്കുന്നതിനും പാരിസ്ഥിതിക സൗഹൃദ നിർമ്മാണ രീതികൾ അവലംബിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യകളുടേയും യന്ത്രങ്ങളുടേയും ഉപയോഗം വകുപ്പിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിക്കഴിഞ്ഞു. ആലപ്പുഴ ജില്ലയിലെ

  പുറക്കാട് - പാതിരപ്പള്ളി റോഡിൽ ആധുനിക ജർമ്മൻ നിർമ്മിത മില്ലിംഗ് യന്ത്രം ഉപയോഗിച്ച് നടത്തിയ കോൾഡ് ഇൻ പ്ലേസ് റീസൈക്ലിംഗ് നിർമ്മാണ രീതി ഇന്ത്യയിൽ നടപ്പാക്കിയ മൂന്നാമത്തെ സംസ്ഥാനമാണ് കേരളം.

- തിരുവനന്തപുരത്തെ പെരിങ്കടവിള - മാരായമുട്ടം - പാലിയോട് റോഡ് നിർമ്മാണത്തിൽ ഉപയോഗശൂന്യമായ പ്ലാസ്റ്റിക്കാണ് ഉപയോഗിച്ചത്. ഇത്തരം പ്രവർത്തനങ്ങളിലൂടെ പ്ലാസ്റ്റിക് മാലിന്യപ്രശ്നത്തെ ഒരു പരിധിവരെ പരിഹരിക്കാൻ ഇത്തരം നടപടി സഹായിക്കും. അതിനായി ഇവ പ്രോത്സാഹിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

- ഇതിനുപുറമെ മറ്റു ചില രീതികൾ കൂടി നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സ്വാഭാവിക റബ്ബർ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം, വേസ്റ്റ് പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം, കയർ ജിയോ ടെക്സ്റ്റയിൽസ് ഉപയോഗിച്ചുള്ള നിർമ്മാണം എന്നിവയ്ക്കും പ്രാമുഖ്യം നൽകുന്നതാണ്. ഇതിലൂടെ കുട്ടനാട് പോലുള്ള സ്ഥലങ്ങളിലൂടെ പോകുന്ന റോഡുകളുടെ അടിത്തറ മണ്ണിന്റെ ഉറപ്പ് വർദ്ധിപ്പിക്കാനുമാകും.

ഗുണമേന്മ ഉറപ്പാക്കാനും അഴിമതി ഇല്ലാതാക്കാനും

- പ്രവൃത്തികളിലെ അഴിമതി ഇല്ലാതാക്കൽ, ഗുണമേന്മ പരിശോധന എന്നിവ

ഉറപ്പാക്കാൻ നടപടികളെടുക്കുന്നതാണ്. ഇതിനായി ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തിയും പ്രവൃത്തികൾ നടക്കുമ്പോൾ തന്നെ ലാബ് ടെസ്റ്റ് ഉൾപ്പെടെ നടത്തുന്നതിനുള്ള സംവിധാനം വ്യാപകമായി ഒരുക്കുകയും ചെയ്യും.

- വിജിലൻസ് വിഭാഗത്തെ ശക്തിപ്പെടുത്തുകയും നിരന്തര നിരീക്ഷണവും

ഫലപ്രദമായി നടത്തുന്നതിനാവശ്യമായ ജീവനക്കാരെ നിയമിച്ചുകൊണ്ട് ഇത് ശക്തിപ്പെടുത്തും.

അന്വേഷണവും സമയബന്ധിതമായി പൂർത്തിയാക്കാനും അടിയന്തിര ഇടപെടലിനും സാഹചര്യം ഉണ്ടാകും.

## വകുപ്പിന്റെ നയങ്ങൾ : റോഡുകൾ

- 'പുതിയ കാലം - പുതിയ നിർമ്മാണം' എന്ന മുദ്രാവാക്യമനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഇതുവരെ അവലംബിച്ച് വന്നിരുന്ന തൊഴിൽ സംസ്കാരം നവീകരിച്ച് കൂടുതൽ ചടുലതയും, ഊർജ്ജസ്വലതയും, പ്രൊഫഷണലിസവും പ്രകടിപ്പിക്കുന്നതിനുള്ള അവസരങ്ങൾ എഞ്ചിനീയർമാർക്ക് ഒരുക്കും.
- റോഡുകളും പാലങ്ങളും ആനുകാലികമായി പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തും. റോഡുകളുടേയും പാലങ്ങളുടേയും ഡാറ്റാ ശേഖരണം നടത്തി തരം തിരിക്കുന്നു. പാലങ്ങളുടെ പരിശോധനകൾ കർശനമാക്കും. കേടുപാടുകളുള്ളതും,

പുനർനിർമ്മിക്കേണ്ടതുമായ പാലങ്ങൾ ഘട്ടം ഘട്ടമായി ഏറ്റെടുത്ത് ജനങ്ങളുടെ ആശങ്ക അകറ്റും. പാലത്തിന് പ്രത്യേക വിഭാഗം രൂപീകരിച്ചു.

- മരാമത്ത് വകുപ്പിനെ കാലാനുസരണമായി പുനഃസംഘടിപ്പിച്ച് ജീവനക്കാർക്ക് മനുഷ്യത്വമുഖമുള്ള കാഴ്ചപ്പാടു ണ്ടാക്കലും, അവരുടെ പ്രൊഫഷണലിസം കൂടുതൽ മെച്ചപ്പെടുത്തി വകുപ്പിനെ കൂടുതൽ മെച്ചപ്പെടുത്തുന്നു.
- അഴിമതിയോട് വിട്ടുവീഴ്ചയില്ലാത്ത സമീപനവും, ശക്തമായ നടപടികളും സ്വീകരിക്കും. വകുപ്പിൽ സുതാര്യത നിർബന്ധമാക്കും. പൊതുമരാമത്ത് പ്രവൃത്തികളെല്ലാം ഇ-ടെണ്ടർ വഴിയാക്കും.
- മരാമത്ത് പ്രവൃത്തികൾക്ക് സോഷ്യൽ ഓഡിറ്റ് നിർബന്ധമാക്കും.

പൊതുമരാമത്ത് പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങൾ പ്രസക്തമായ വിശദാംശങ്ങളോടൊപ്പം ഏതൊരു പൗരനും കാണാനാകും വിധം ജി.ഐ.എസ് അടിസ്ഥാനമാക്കിയുള്ള സുതാര്യ സംവിധാനത്തിലൂടെ പൊതു നിരീക്ഷണ സൗകര്യം ഏർപ്പെടുത്തും.

- എഞ്ചിനീയർമാരടക്കം എല്ലാ ജീവനക്കാർക്കും നിർബന്ധിത ഇൻഡക്ഷൻ ട്രെയിനിംഗും, ഇൻസർവ്വീസ് ട്രെയിനിംഗുകളും ഏർപ്പെടുത്തി കാര്യക്ഷമത വർദ്ധിപ്പിക്കും.
- റോഡ് വീതി സംബന്ധിച്ച് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ഭൂവുടമകൾക്ക് ന്യായമായ നഷ്ടപരിഹാരം നൽകികൊണ്ടും പുനരധിവസിപ്പിച്ചും വസ്തു ഏറ്റെടുക്കൽ പ്രക്രിയ ത്വരിതപ്പെടുത്തും.
- പ്രവൃത്തികളിൽ നൂതന രീതികളും, ആധുനിക സാങ്കേതിക വിദ്യകളും, യന്ത്രങ്ങളും, പരിസ്ഥിതി സൗഹൃദ നിർമ്മാണ രീതികളും അവലംബിച്ച് ഗുണമേന്മയും, ഈടുറ്റതുമായ നിർമ്മിതികൾ ഉറപ്പു വരുത്തും.
- എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും, ഓൺലൈൻ അംഗീകാരത്തിനും ഉതകുന്ന 'പ്രൈസ്' സോഫ്റ്റ്‌വെയർ കമ്പ്യൂട്ടർവത്കൃത ബിൽ തയ്യാറാക്കൽ (ഇ-ബിൽ), ഇ-മെഷർമെന്റ് ബുക്ക്, പുരോഗതി നിരീക്ഷണം, ആസ്തികളുടെ ഡിജിറ്റൈസേഷൻ(digitization) എന്നിവക്കു കൂടി ഉപയോഗിക്കുന്ന തരത്തിൽ വികസിപ്പിക്കും.
- ക്വാളിറ്റി മാനുവൽ, ലബോറട്ടറി മാനുവൽ എന്നിവയിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നത് ഉറപ്പു വരുത്തും.
- ക്വാളിറ്റി ലാബുകൾ കേന്ദ്ര സർക്കാരിന്റെ ക്വാളിറ്റി കൺട്രോൾ ഓർഗനൈസേഷനുകളിൽ നിന്ന് സാക്ഷ്യപ്പെടുത്തലുകൾ നേടും.
- ഊർജ്ജ സംരക്ഷിത - പരിസ്ഥിതി സൗഹൃദ നിർമ്മാണ സംവിധാനങ്ങൾ ഏർപ്പെടുത്തും. ഗ്രീൻ ബിൽഡിംഗ് കൺസെപ്റ്റ് സ്വീകരിക്കും.
- ഇന്ത്യൻ റോഡ് കോൺഗ്രസ് നിഷ്കർഷിക്കുന്ന തരത്തിൽ വേസ്റ്റ് പ്ലാസ്റ്റിക് റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കും.

9

- എൻ.ആർ.എം.ബി (നാച്വറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ) റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കും.
- പ്രാദേശിക അസംസ്കൃത വസ്തുക്കൾ റോഡ് നിർമ്മാണത്തിൽ പ്രോത്സാഹിപ്പിക്കും. കയർ ജിയോ ടെക്സ്റ്റയിൽസ് റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കും.
- പാലങ്ങളുടേയും റോഡുകളുടേയും ജി.ഐ.എസ് മാപ്പിംഗ് നടത്തും.
- സംസ്ഥാനത്തെ എഞ്ചിനീയർമാരെ അവരുടെ പ്രാഗത്ഭ്യവും കഴിവും, പ്രവർത്തന മികവും അനുസരിച്ച് ആദരിക്കും.
- കരാറുകാരുടെ രജിസ്ട്രേഷൻ ഓൺലൈനാക്കും.
- പ്രധാന ജില്ലാ റോഡുകൾ സംസ്ഥാന പാതകളുടെ നിലവാരത്തിലേക്ക് ഘട്ടം ഘട്ടമായി ഉയർത്തും.
- റോഡ് മെയിന്റനൻസ് പോളിസി നടപ്പിൽ വരുത്തും.
- മെയിന്റനൻസ് വിഭാഗം രൂപീകരിച്ചു കഴിഞ്ഞു. അത് വിപുലീകരിക്കും.
- മലയോര ഹൈവേ - തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ 1267 കിലോമീറ്റർ ദൂരം - നിർമ്മാണം പൂർത്തീകരിക്കും.
- തീരദേശ ഹൈവേ - കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ 656 കിലോമീറ്റർ ദൂരം - പൂർത്തീകരിക്കും.
- തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട്, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട് എന്നീ ജില്ലകളിലെ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതികൾ ഘട്ടം ഘട്ടമായി ഏറ്റെടുക്കും.
- ബഹു. ഹൈക്കോടതി പരാമർശിച്ച ശബരിമല റോഡുകൾ മെച്ചപ്പെടുത്തി 7 കൊല്ലം മെയിന്റനൻസ് കരാർ ഏർപ്പെടുത്തും.
- റോഡുകളുടെ സുരക്ഷിതത്വം, സൈൻ ബോർഡുകൾ സ്ഥാപിക്കൽ, സിഗ്നലുകൾ, ലൈറ്റുകൾ, ക്രാഷ് ബാരിയേഴ്സ്, റിഫ്ളക്റ്റേഴ്സ് എന്നിവ സ്ഥാപിക്കുന്നതിന് മുന്തിയ പരിഗണന നൽകും.

- റോഡിലെ ബ്ലാക്ക് സ്പോട്ടുകൾ ഐഡന്റിഫൈ ചെയ്ത് അപകടങ്ങൾ കുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

- ആവശ്യമായ സ്ഥലങ്ങളിൽ ബസ്ബേകൾ നിർമ്മിക്കും. ബസ്സ്റ്റോപ്പുകൾ പുനർ നിർണ്ണയിച്ച് ഗതാഗത തിരക്ക് ഒഴിവാക്കും.

- കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഹൈവേ പ്രൊട്ടക്ഷൻ ആക്ട് കർശനമായി നടപ്പാക്കും.

- മരാമത്ത് വകുപ്പിനു കീഴിലുള്ള അധിക ഭൂമികൾ തിട്ടപ്പെടുത്തി, അവ വികസിപ്പിച്ച് പാർക്കിംഗ് ഏരിയ, ടോയ്ലെറ്റ് സൗകര്യങ്ങൾ, വിശ്രമ കേന്ദ്രങ്ങൾ തുടങ്ങിയ വേസൈഡ് അമനിറ്റീസ് ഏർപ്പെടുത്തും.

- നിലവിലുള്ള റോഡുകളെ ഘട്ടം ഘട്ടമായി അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുകയും പുതിയ റോഡുകളുടെ നിർമ്മിതികൾ അന്താരാഷ്ട്ര നിലവാരത്തിൽ നടത്തുകയും ചെയ്യും.

## ദേശീയപാത

- കേരളത്തിലെ ദേശീയപാതകൾ നാഷണൽ ഹൈവേ അതോറിറ്റിയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി കേരളത്തിന്റെ സവിശേഷ സാഹചര്യം കൂടി പരിഗണിച്ച് നാലുവരി/ആറുവരി പാതയായി വികസിപ്പിക്കുന്നതിനു മുൻഗണന നൽകും. ആദ്യപടിയായി കാസർഗോഡ് മുതൽ തിരുവനന്തപുരം കഴക്കൂട്ടം വരെയുള്ള പ്രധാന ദേശീയപാത (എൻ.എച്ച് 66) 4/6 വരിപ്പാത നിർമ്മാണ നടപടികൾ പുരോഗതിയിൽ ആണ്. ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തന കലണ്ടർ തയ്യാറാക്കും.

- എൻ.എച്ച് 47 ലെ മണ്ണുത്തി - വടക്കഞ്ചേരി റോഡ് ഉൾപ്പെടെ നടന്നുകൊണ്ടിരിക്കുന്ന ദേശീയപാത വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കും.

- സംസ്ഥാന കിഫ്ബി ഫണ്ട് ഉപയോഗിച്ചു ചെയ്യുന്ന കരമന - കളിയിക്കാവിള നാലുവരിപ്പാത വികസനത്തിന്റെ അടുത്തഘട്ടമായ പ്രാവച്ചമ്പലം - ബാലരാമപുരം ഭാഗം പ്രവൃത്തി ആരംഭിക്കും.

- വാഹന സാന്ദ്രതയും ഭാവിയിലെ ഗതാഗതാവശ്യങ്ങളും കണക്കിലെടുത്ത് റോഡ് നെറ്റ് വർക്കും, കണക്റ്റിവിറ്റിയും വിപുലമാക്കുന്നതിനു കേരളത്തിലെ മറ്റു ദേശീയപാതകളും ആവശ്യമായ വിതിയിൽ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
- കേന്ദ്ര സർക്കാർ ദേശീയപാതയായി പുതുതായി പ്രഖ്യാപിക്കുന്ന സംസ്ഥാന ഹൈവേകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനു ദേശീയപാത അതോറിറ്റിക്ക് ആവശ്യമായ പിന്തുണയും സഹായവും സംസ്ഥാന സർക്കാർ നൽകും അവ സമയബന്ധിതമായി നടപ്പാക്കുന്നതിനു മുൻഗണന നൽകും.
- വാർഷിക അറ്റകുറ്റപ്പണികൾക്കായി കേന്ദ്രസർക്കാരിൽ നിന്നു മതിയായ വിഹിതം ലഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കും.
- കാലാവധി തീരുന്ന മുറയ്ക്ക് റീ ടാറിംഗ് ഉൾപ്പെടെയുള്ള പുനരുദ്ധാരണ പ്രവൃത്തികൾ സമയബന്ധിതമായി നടത്താനുള്ള നടപടി സ്വീകരിക്കും.
- കഴിഞ്ഞ വർഷം മുൻകാലങ്ങളേക്കാൾ കൂടുതൽ തുക കേന്ദ്ര സഹായം ഈ വിഭാഗത്തിൽ ലഭിക്കുകയുണ്ടായി. സംസ്ഥാന പാതകളിൽ നിന്നും ദേശീയപാതയിലേയ്ക്കുള്ള റോഡ് കണക്റ്റിവിറ്റിയും നെറ്റ് വർക്കും വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര റോഡ് ഫണ്ടിൽ നിന്നും കൂടുതൽ ധനസഹായം നേടുന്നതിനു നടപടി സ്വീകരിക്കും.

## കെട്ടിടങ്ങൾ

- 'നാഷണൽ ബിൽഡിംഗ് കോഡ് ', 'നാഷണൽ ബിൽഡിംഗ് റൂൾ' 'ഗൃഹ' എന്നിവയനുസരിച്ചുള്ള കെട്ടിട നിർമ്മാണം പ്രോത്സാഹിപ്പിക്കും.
- ഏറ്റെടുക്കുന്ന കെട്ടിട നിർമ്മാണങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കും.
- മറ്റു വകുപ്പുകളുടെ കെട്ടിട നിർമ്മാണം കാലാകാലങ്ങളിൽ റിവ്യു നടത്തി പൂർത്തിയാക്കും.
- കെട്ടിടങ്ങൾ വകുപ്പിന്റെ പ്രവർത്തനത്തിനനുയോജ്യമായ രൂപകല്പനയിൽ ചെയ്യും.

പുതിയ കെട്ടിടങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

- പ്രാദേശികമായി ലഭ്യമായ നിർമ്മാണ സാമഗ്രികൾ പരമാവധി ഉപയോഗിക്കും.

  ( കല്ല്, മ ണ്ണ്, വെട്ടുകല്ല്, തടി മുതലായവ)

- പഴയ കെട്ടിടങ്ങൾ പൊളിച്ച സാമഗ്രികൾ, ഉപയോഗയോഗ്യമായവ വീണ്ടും ഉപയോഗിക്കും. (തടി, കോൺക്രീറ്റ് ബ്ലോക്ക്, മണ്ണ് മുതലായവ)

- ഊർജ്ജ സംരക്ഷിത കെട്ടിട നിർമ്മാണം കൂടുതൽ നടപ്പിലാക്കും.

- ഹെറിറ്റേജ് കെട്ടിടങ്ങളുടെ പരിപാലനത്തിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതാണ്.

- മഴവെള്ള സംഭരണം, പൊതുമരാമത്ത് നിർമ്മാണത്തിൽ ഉൾപ്പെടുത്താൻ ആവശ്യമായ ഭേദഗതികൾ മാന്വലിൽ കൊണ്ടു വരും.

- കെട്ടിട സമുച്ചയങ്ങളിൽ റെസ്റ്റ് റൂം സംവിധാനം കൊണ്ടു വരും.

- റസ്റ്റ് ഹൗസുകൾ ഉന്നതനിലവാരത്തിൽ പരിപാലിക്കും.

ഇപ്പോൾ ക്ലാസ് -1 വിഭാഗത്തിൽ 31 ഉം

ക്ലാസ് -2 വിഭാഗത്തിൽ 122 ഉം

ക്യാമ്പ് ഷെഡ് -1 ഉം ഉണ്ട്.

ക്ലാസ് -1 ൽ 17 എണ്ണവും ക്ലാസ് -2 ൽ 4 എണ്ണവും കൂട്ടിച്ചേർക്കും.

- ലീസിന് നൽകിയ വൈക്കം റസ്റ്റ് ഹൗസ് സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. അതു ഉടൻ തുറന്നു പ്രവർത്തിപ്പിക്കും. മൂന്നാർ, ആലുവ റസ്റ്റ് ഹൗസുകൾ കൂടി ഏറ്റെടുക്കുന്നതിന് നടപടി എടുത്തു വരുന്നു. കുറ്റാലം പാലസ് നിലവാരമുയർത്തി മെച്ചപ്പെടുത്തും. താമരശ്ശേരി റസ്റ്റ് ഹൗസിൽ കോൺഫറൻസ്

ഹാൾ തുടങ്ങും.

- ക്യാന്റീൻ സൗകര്യം ഇല്ലാത്ത റസ്റ്റ് ഹൗസുകളിൽ ക്യാന്റീൻ സൗകര്യം കൊണ്ടു വരും.
- റസ്റ്റ് ഹൗസ് ബുക്കിംഗിന് കേന്ദ്രീകൃത ഓൺലൈൻ സംവിധാനമൊരുക്കും.
- ഇലക്ട്രിക്കൽ വിഭാഗത്തിന് ഒരു ചീഫ് എഞ്ചിനീയർ തസ്തികയും ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയും രണ്ടു ഡിവിഷൻ ഓഫീസുകളും കൂടി ആരംഭിക്കും. ഇലക്ട്രോണിക്സ് വിഭാഗത്തെ ശക്തിപ്പെടുത്തും.
- പ്രീഫാബ് കെട്ടിട നിർമ്മാണ സാങ്കേതികവിദ്യ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്.

ആർക്കിടെക്ചർ വിഭാഗം

- മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ് എന്നീ വിഭാഗങ്ങൾ കൂടി ആർക്കിടെക്ചർ ഡ്രായിംഗിൽ ഉൾപ്പെടുത്തും. ആർക്കിടെക്ചർ വിഭാഗത്തിൽ ഇതിനാവശ്യമായ പ്രത്യേക വിഭാഗങ്ങൾ രൂപീകരിക്കും.
- ഡിസൈൻ തയ്യാറാക്കുന്ന പുതിയ കെട്ടിടങ്ങൾക്ക് GRIHA, ECBC എന്നീ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.
- ടെറി (TERI) അടക്കമുള്ള വിദഗ്ധ ഏജൻസികളെ ഉപയോഗപ്പെടുത്തി GRIHA സർട്ടിഫിക്കേഷൻ ലഭ്യമാക്കാനുതകുന്ന പ്രത്യേക കോർ ടീമിനെ തയ്യാറാക്കും.

രൂപകല്പന – ഗുണമേന്മ വിഭാഗം

- പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റുകൾ (PPU) സക്രിയമാക്കി റോഡുകളുടേയും കെട്ടിടങ്ങളുടേയും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും ഡി.പി.ആർ തയ്യാറാക്കുന്നതും സ്വയം ചെയ്യാൻ സാധ്യമാകുന്ന വിധം ശക്തിപ്പെടുത്തി പുറംകരാർ കൊടുക്കുന്ന നടപടി അവസാനിപ്പിക്കും.
- രൂപകല്പന വിഭാഗത്തെ ശക്തിപ്പെടുത്താൻ താഴെപ്പറയുന്ന ആറ് ഡിസൈൻ യൂണിറ്റുകൾ രൂപീകരിക്കും.

    1. സ്ട്രക്ചറൽ ഡിസൈൻ യൂണിറ്റ്
    2. പാലങ്ങളുടെ ഡിസൈൻ യൂണിറ്റ്

3. ഹൈവേ ഡിസൈൻ യൂണിറ്റ്

4. പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ്

5. ജിയോ ടെക്നിക്കൽ എഞ്ചിനിയറിംഗ് യൂണിറ്റ്

6. എൻവയോൺമെന്റൽ എഞ്ചിനിയറിംഗ് യൂണിറ്റ്

- 18 എഞ്ചിനിയർമാരുടെ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് എറണാകുളം,

കോഴിക്കോട് എന്നിവിടങ്ങളിൽ മേഖലാ ഡിസൈൻ ഓഫീസുകൾ തുറക്കാൻ തീരുമാനിച്ചു. ഇത്തരത്തിൽ മേഖലാതലത്തിൽ വ്യാപിപ്പിച്ച് അധികാരവികേന്ദ്രീകരണം നടത്തി നിലവിൽ പ്രവൃത്തികൾക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കും. അതിനാവശ്യമായ വിധത്തിൽ അധികാരം വിഭജിച്ചു നൽകും.

ഭരണവിഭാഗം

- പ്രൈസ് (PRICE) സോഫ്റ്റ്വെയർ വേർഷൻ-2 നടപ്പിലാക്കും.
- കോൺട്രാക്ട് മാനേജ്മെന്റ് പാക്കേജ് നടപ്പിൽ വരുത്തും.
- റോഡിന്റെ അവസ്ഥയെക്കുറിച്ചുള്ള വിവരങ്ങൾ അറിയുന്നതിനു മൊബൈൽ ആപ്പ് സംവിധാനം നടപ്പിലാക്കും.
- അഴിമതി നിർമ്മാർജ്ജനത്തിനുള്ള പ്രധാന നടപടിയായി വകുപ്പിന്റെ

ഓഫീസ് നടപടികൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുന്നതാണ്. ഇതു ഘട്ടം ഘട്ടമായി ഓരോ മേഖലയിലും നടപ്പിലാക്കി വരുന്നു.

- അഴിമതിക്കെതിരെയും ജോലിയിലെ ഗൗരവമായ വീഴ്ചകൾക്കെതിരെയും കർശന ശിക്ഷാ നടപടി സ്വീകരിക്കും. (ചീഫ് എഞ്ചിനീയർ ഉൾപ്പെടെ 50 ൽ അധികം ജീവനക്കാർക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു)
- സ്ഥലം മാറ്റത്തിന് മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പാക്കുകയും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യും.

ആസ്തികളുടെ പരിപാലനം

15

- ഏറ്റവും വലിയ വെല്ലുവിളിയാണ് നിലവിലുള്ള ആസ്തികളുടെ പരിപാലനം. ഏകദേശം 40,000 കിലോമീറ്റർ റോഡുകൾ, മുവായിരത്തോളം പാലങ്ങൾ, കലുങ്കുകൾ, പൊതുമരാത്ത് വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഓഫീസ് കെട്ടിടങ്ങൾ, റസ്റ്റ് ഹൗസ് ഉൾപ്പെടെയുള്ള മറ്റു കെട്ടിടങ്ങൾ എന്നിവയുൾപ്പടെയുള്ള ആസ്തികളാണുള്ളത്. അവയുടെ വാർഷിക അറ്റകുറ്റപ്പണിയും പ്രത്യേക സംരക്ഷണപ്പണികളും കൃത്യമായി പൂർത്തിയാക്കുന്നതിനു നടപടി സ്വീകരിക്കും.
- കാലങ്ങളായി ബജറ്റുകളിൽ അതിനു മതിയായ പ്രാധാന്യം ലഭിക്കാറില്ല. അതിന്റെ മേൽനോട്ടത്തിനും കൈകാര്യ നിർവ്വഹണത്തിനുമായി ഒരു ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു മെയിന്റനൻസ് വിഭാഗം രൂപീകരിച്ചു. ഈ വിഭാഗത്തിൽ ഓരോ അസംബ്ലി മണ്ഡലത്തിലും ഒരു അസിസ്റ്റന്റ് എഞ്ചിനീയർക്ക് ടിയാളുടെ നിലവിലുള്ള ചുമതലക്കു പുറമെ അറ്റകുറ്റപ്പണി മേൽനോട്ടത്തിനു അധികമായി ചുമതല നൽകിയിട്ടുണ്ട്. ആവശ്യമായ തസ്തിക സൃഷ്ടിച്ചും പുനർവിന്യാസത്തിലൂടെയും പൂർണ്ണ സമയ ഉദ്യോഗസ്ഥരെ പ്രത്യേകം നിയമിച്ചു മെയിന്റനൻസ് വിഭാഗത്തെ ശക്തിപ്പെടുത്തും.

പാലങ്ങളുടെ സംരക്ഷണം

- കേരളത്തിൽ പാലങ്ങൾ പണിയുകയല്ലാതെ, ഒരു കാലത്തും പാലങ്ങളുടെ സുരക്ഷിതത്വം സംബന്ധിച്ചുള്ള പഠനം നടന്നിട്ടില്ല. 100 വർഷത്തിലധികം പഴക്കമുള്ള പാലങ്ങൾ സംസ്ഥാനത്തു നിലവിലുണ്ട്. 18 വർഷം മാത്രം പഴക്കമുള്ള ഏനാത്ത് പാലത്തിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ മുഴുവൻ പാലങ്ങളെ സംബന്ധിച്ചും പ്രാഥമിക വിവരശേഖരണം നടത്തിക്കഴിഞ്ഞു. കേരളത്തിൽ മൊത്തം 2349 പാലങ്ങളാണ് ഉള്ളത്. അതിൽ സാധാരണ അറ്റകുറ്റപ്പണികൾ ആവശ്യമുള്ളത് 1281. അടിയന്തിര അറ്റകുറ്റപ്പണികൾ ആവശ്യമുള്ളത് 365. പുതുക്കിപണിയേണ്ടത് 158.

16

- വിശദമായ പഠനം ഇതിന്റെ അടിസ്ഥാനത്തിൽ നടത്തുന്നതിനു ഒരു ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിക്കഴിഞ്ഞു. ഇതിനായി വിദഗ്ദരടങ്ങുന്ന സ്ഥിരം ടീമിനെ നിയോഗിക്കും.

- വിശദ പഠനത്തിൽ കണ്ടെത്തുന്ന സുരക്ഷിതമല്ലാത്തതും, കേടുപാടുകൾ സംഭവിച്ചതുമായ പാലങ്ങളുടെ പുനരുദ്ധാരണ / നവീകരണ / അറ്റകുറ്റ പ്രവൃത്തികൾ ഏറ്റെടുക്കും.

- പാലങ്ങളുടെ കാര്യത്തിൽ ഫലപ്രദമായ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കും.

- പാലങ്ങൾക്കു മാത്രമായി പ്രത്യേക വിഭാഗം രൂപീകരിക്കും.

പരാതിപരിഹാര സെൽ

- നിലവിലുള്ള പൊതുജന പരാതി പരിഹാര സെൽ ഫലപ്രദമല്ല. ഇതു കുടുതൽ ജനകീയമാക്കി ശക്തിപ്പെടുത്തിക്കഴിഞ്ഞു. പൊതുമരാമത്ത് വകുപ്പ് മന്ത്രി എല്ലാ മാസത്തെയും ആദ്യ ബുധനാഴ്ച വൈകിട്ട് 3.30 മുതൽ 4.30 വരെ പരാതികൾ നേരിട്ട് കേൾക്കുന്നതാണ്.

- വകുപ്പിൽ ലഭിക്കുന്ന മറ്റു പരാതികളും നിവേദനങ്ങളും സമയബന്ധിതമായി പരിശോധിക്കാനുള്ള സംവിധാനം ഒരുക്കും.

സോഷ്യൽ ഓഡിറ്റ്

- സോഷ്യൽ ഓഡിറ്റ് സംവിധാനം ഈ വകുപ്പിൽ നടപ്പിലാക്കാൻ തീരുമാനിച്ചു. ആലപ്പുഴ ജില്ലയിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചത് വൻ വിജയമായിരുന്നു. സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ഉള്ള സമിതികളെ തീരുമാനിച്ചു കഴിഞ്ഞു. അസംബ്ലി മണ്ഡലാടിസ്ഥാനത്തിലും സമിതികൾ രൂപീകരിച്ചു സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കും.

സമഗ്ര വികസന കാഴ്ചപ്പാട്

- കേരളത്തിന്റെ സമഗ്രവികസനമെന്ന കാഴ്ചപ്പാടിലൂടെയുള്ള വികസനലക്ഷ്യത്തിന്റെ സാക്ഷാത്കാരത്തിനായി 140 നിയമസഭാമണ്ഡലങ്ങൾക്കും തുല്യ പരിഗണന നൽകിക്കൊണ്ടുള്ള വികസനമാണ് നടപ്പാക്കി വരുന്നത്

- കാലങ്ങൾക്ക് മുമ്പുള്ള സ്റ്റാഫ് ഘടന വർത്തമാനകാലത്തെ ആവശ്യങ്ങളും ഉത്തരവാദിത്തങ്ങളും നിറവേറ്റുന്നതിനു പര്യാപ്തമല്ല. കിഫ്ബി വഴി അടിസ്ഥാന

സൗകര്യവികസനം വളരെയധികം ഏറ്റെടുക്കേണ്ട സാഹചര്യത്തിൽ, അതിനായി കൂടുതൽ തസ്തികകൾ സൃഷ്ടിച്ച് കാര്യക്ഷമമായ മേൽനോട്ടത്തിനു കഴിയുന്ന വിധത്തിലുള്ള സാഹചര്യമൊരുക്കും. ഇതിനായി 221 തസ്തികകൾ സൃഷ്ടിച്ച കഴിഞ്ഞു. പൊതുവിൽ ടോൾ ഏർപ്പെടുത്തുന്നതിനോട് സർക്കാരിന് യോജിപ്പില്ല. ഇത് നിരുത്സാഹപ്പെടുത്തുക എന്നതാണ് സർക്കാരിന്റെ നയം.

**വകുപ്പിനു കീഴിലുള്ള എസ്.പി.വി കൾ ശക്തിപ്പെടുത്തൽ**

- കിഫ്ബി പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകളായ കേരള റോഡ് ഫണ്ട് ബോർഡ് (KRFB), റോഡ്സ് & ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള (RBDCK), റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (RICK), കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL), കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ (KSCC) എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കും, പ്രവർത്തനം കൂടുതൽ വിപുലമാക്കും. KRFB യിൽ പുതുതായി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (PMU) ഇതിനായി രൂപീകരിച്ചു.

**കിഫ്ബി പ്രവൃത്തികൾ**

- കിഫ്ബി പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥരെ പുനർവിന്യാസത്തിലൂടെ നിയമിച്ചുകൊണ്ട് ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് നിലവിൽ രൂപീകരിച്ചിട്ടുണ്ട്. എസ്.പി.വി യായ കേരള റോഡ് ഫണ്ട് ബോർഡിന്റെ ഭാഗമായ ഒരു പ്രോജക്ട് ഡയറക്ടറുടെ (ചീഫ് എഞ്ചിനീയർ) കീഴിൽ രൂപീകരിച്ച യൂണിറ്റ് കിഫ്ബി പ്രോജക്ടുകൾ സംബന്ധിച്ച പ്രവർത്തനങ്ങൾക്കുവേണ്ടി മാത്രമായി മാറ്റും. ഇതിനായി 300 ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**വികസനത്തിനുതകുന്ന പദ്ധതി നടപ്പിലാക്കും**

കേരളത്തിന്റെ വികസനത്തിൽ അത്യന്താപേക്ഷിതമായ പശ്ചാത്തല സൗകര്യ വികസനത്തിന് മുന്തിയ പരിഗണനയാണ് സർക്കാർ നൽകുന്നത്. അതിന്റെ തുടർച്ചയായി പൊതുമരാമത്ത് മേഖലയെയും ശക്തിപ്പെടുത്തി മുന്നോട്ടുപോകുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്.

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 31-10-2018

ഫയൽ നം.എച്ച്1/537/2017/പൊ.മ.വ. ഇനം നം: 2584

വിഷയം : പൊതുമരാമത്ത് വകുപ്പ് - കേരള സംസ്ഥാന പൊതുമരാമത്ത് നയം 2018.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

K.N. SATHEESH, IAS
Special Secretary to Govt.
Public Works Department
Govt. Secretariat, Tvpm-695 001.
Ph: 2321232/2518008

2584

കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : എച്ച്1/537/2017/പൊ.മ.വ |
| 2. | വകുപ്പ് | : പൊതുമരാമത്ത് (എച്ച്) വകുപ്പ് |
| 3. | വിഷയം | : കേരള സംസ്ഥാന പൊതുമരാമത്ത് നയം 2018 |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 20/08/2018 |
| 5. | (i) ഇത് സാമ്പത്തികബാധ്യതയുള്ള താണോ ? | : അല്ല |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : ശ്രീമതി.സോണിയ വാഷിംഗ്ടൺ |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : ശ്രീ.കമലാ വർദ്ധന റാവു. ഐ.എ.എസ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : 17/10/2018 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ.ടോം ജോസ്. ഐ.എ.എസ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 21/10/2018 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ.ജി.സുധാകരൻ. |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 22/10/2018 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 25/10/2018 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : 31.10.18 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1. കേരള സംസ്ഥാന പൊതുമരാമത്ത് നയം 2018 – "പുതിയകാലം പുതിയ നിർമ്മാണം" രൂപീകരിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. "പുതിയകാലം പുതിയ നിർമ്മാണം" എന്ന ആപ്തവാക്യത്തിലൂന്നി കാലത്തിനനുസരിച്ചുള്ള സാങ്കേതിക വിദ്യകളും, നിർമ്മിതികളും, പരിസ്ഥിതി സൗഹൃദ, അപകടരഹിത, സുരക്ഷിത നിർമ്മാണ രീതി ഉൾക്കൊള്ളുന്നതും വകുപ്പിന്റെ കാര്യക്ഷമത, ഗുണമേന്മ, സുതാര്യത, അഴിമതി ഇല്ലായ്മ , ആധുനികത എന്നിവ ഉറപ്പാക്കുന്നതിന് വകുപ്പിനെ ശക്തിപ്പെടുത്തുകയും പുന:സംഘടിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ പൊതുമരാമത്ത് നയം 2018 രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ അനുബന്ധമായി ചേർത്തിരിക്കുന്നു.

3. ഈ വിഷയം (പൊതുമരാമത്ത് നയം 2018) മന്ത്രിസഭാ മുമ്പാകെ സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

അനുബന്ധമായി ചേർത്തിട്ടുള്ള കേരള സംസ്ഥാന പൊതുമരാമത്ത് നയം 2018 – "പുതിയ കാലം പുതിയ നിർമ്മാണം" അംഗീകരിക്കാമോ.

Government of Kerala

(Shri. Pinarayi Vijayan Ministry)

## Note for the Council of Ministers

| | | | |
|---|---|---|---|
| 1. | File No. | : | PWD-H1/537/2017-PWD |
| 2. | Department | : | Public Works (H) Department |
| 3. | Subject | : | Kerala State Public Works Policy 2018 |
| 4. | Date of Chief Minister's order for placing before the Council | : | 20/08/2018 |
| 5. | (i) Does the case involve financial commitments/implications | : | No |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note ? | : | No |
| 6. | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council ? | : | No |
| 7. | Name of Joint Secretary who submitted the Draft Note | : | Smt.Sonia Washington |
| 8. | Name of Secretary who approved the Draft Note | : | Sri.G. Kamala Vardhana Rao IAS |
| 9 | Date of approval of the Draft Note for the Council by the Secretary | : | 17/10/2018 |
| 10. | Name of Chief Secretary who approved the Draft Note | : | Sri.Tom Jose IAS |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : | 21/10/2018 |
| 12. | Name of Minister who approved the Draft Note | : | Sri. G.Sudhakaran. |
| 13. | Date of approval of the Draft Note for the Council by the Minister | : | 22/10/2018 |
| 14. | Date of submission of fair copies | : | 25/10/2018 |
| 15. | Date of decision by the Council of Ministers | : | 31.10.18 |
| 16. | Number and date of the Government Order / letter communicating the decision | : | [illegible] |

## NOTE FOR COUNCIL OF MINISTERS

1. This note deals with the formulation of Kerala State Public Works Policy 2018 namely **"New Age - New Construction"**.

2. The aim of the slogan of Kerala State Public Works Policy 2018 "New Age - New Construction" is to strengthen and reconstitute the Department with efficiency, quality, transparency and corruptionless to ensure modern, energy efficient, accident free, safe construction method and environment friendly transportation emphasizing modern technology and construction methods. The draft policy prepared with the above objectives is attached as annexure.

3. Hon'ble Chief Minister has approved to place the matter (Draft Kerala State Public Works Policy 2018) before the Council of Ministers.

**Points for Decision.**

Whether the Kerala State Public Works Policy 2018 namely **"New Age - New Construction"** as detailed in the annexure may be approved.